"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - തൃശ്ശൂർ ജില്ല വില്ലടം സർക്കാർ ആയുർവ്വേദ ആശുപത്രിയിലെ നേഴ്സിംഗ് അസിസ്റ്റൻ്റ് ശ്രീമതി ശുഭശ്രീ കെ.ബി. ക്ക് സിനിമയിൽ അഭിനയിക്കാൻ അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.167/2026/AYUSH തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:- 1. ശ്രീമതി ശുഭശ്രീ കെ.ബി. സമർപ്പിച്ച 05.11.2025 ലെ അപേക്ഷ.

2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 17.12.2025 ലെ DISM/2566/2025-G1(3) നം.കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ല വില്ലടം സർക്കാർ ആയുർവ്വേദ ആശുപത്രിയിലെ നേഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി ശുഭശ്രീ കെ.ബി. സിനിമയിൽ അഭിനയിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ശിപാർശ സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ല വില്ലടം സർക്കാർ ആയുർവ്വേദ ആശുപത്രിയിലെ നേഴ്സിംഗ് അസിസ്റ്റന്റ് ശ്രീമതി ശുഭശ്രീ കെ.ബി. പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരമുള്ള ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിച്ച് ടിയാൾക്ക് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 പ്രകാരം പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും, പ്രസ്തുത പ്രവർത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലെന്നും, സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലെന്നുമുള്ള വ്യവസ്ഥകളോടെ ഹോൺബിൽ ഫിലിംസിന്റെ പേരിടാത്ത സിനിമയിൽ രണ്ടു ദിവസം അഭിനയിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ശുഭശ്രീ കെ.ബി., സർക്കാർ ആയുർവ്വേദ ആശുപത്രി, വില്ലടം, തൃശ്ശൂർ ജില്ല (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.

4. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പ് (27.01.2026 ലെ ADV-A3/7/2026-PandARD നം. യു.ഒ.)
5. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(AYUSH-A1/378/2025-AYUSH)

ഉത്തരവിൻ പ്രകാരം

**Signed by Baiju G**
**Date: 15-03-2026 10:35:52**
സെക്ഷൻ ഓഫീസർ

പകർപ്പ് -

1. ബഹു.ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
3. ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.